**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1611** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാലവർഷക്കെടുതിക്ക് ഇരയായ കർഷകരെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ കാലവർഷം മൂലമുണ്ടായ കൃഷിനാശവും കാർഷിക മേഖലയ്ക്കുണ്ടായ കഷ്ടനഷ്ടങ്ങളും എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. **2022 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ കാലവർഷം മൂലമുണ്ടായ കൃഷിനാശത്തിന്റെ (എയിംസ് പോർട്ടലിലെ) 01/07/2022 മുതൽ 23/08/2022 വരെയുള്ള പ്രാഥമിക വിവര കണക്ക് പ്രകാരം 104812 കർഷകരുടെ 15596.22 ഹെക്ടർ സ്ഥലത്ത് 36007.16 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത കാലവർഷക്കെടുതിക്ക് ഇരയായ കർഷകരെ സംരക്ഷിക്കാനും അതുവഴി കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുവാനും നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ബി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും, സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വീണ്ടും വിള ഇറക്കുന്നതിനായി പ്രകൃതി ദുന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നല്കുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും, മടകളുടെ പുനർ നിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രകൃതിദുരന്തങ്ങൾക്കുള്ള അടിയന്തിര പരിപാടി ഇനത്തിൽ 500 ലക്ഷം രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 3000.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അതിൽ യഥാക്രമം 204.692 ലക്ഷം രൂപയും 2997.35989 ലക്ഷം രൂപയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

| District | Crop Area (in Ha) | Farmers Affected (in Numbers) | Estimated Loss (Amount in Lakhs) |
|---|---|---|---|
| ALAPPUZHA | 820.91 | 8,904 | 1,600.05 |
| ERNAKULAM | 1,435.61 | 9,030 | 6,660.86 |
| IDUKKI | 448.51 | 6,764 | 1,615.45 |
| KANNUR | 630.56 | 12,154 | 4,404.87 |
| KASARAGOD | 702.10 | 10,559 | 1,217.07 |
| KOLLAM | 227.04 | 2,310 | 588.21 |
| KOTTAYAM | 118.48 | 3,621 | 424.05 |
| KOZHIKODE | 636.36 | 14,032 | 2,745.22 |
| MALAPPURAM | 7,588.62 | 12,062 | 4,179.66 |
| PALAKKAD | 1,203.87 | 4,710 | 3,501.65 |
| PATHANAMTHITTA | 327.87 | 4,406 | 838.61 |
| THIRUVANANTHAPURAM | 264.03 | 3,365 | 1,030.55 |
| THRISSUR | 549.25 | 7,805 | 3,107.77 |
| WAYANAD | 643.01 | 5,090 | 4,093.14 |
| **Total** | **15,596.22** | **1,04,812** | **36,007.16** |